# സ്വിഫാത്തുല്ലാഹ്

അല്ലാഹു ആരാണെന്നറിയാനുള്ള അടുത്ത മാർഗം അവന്റെ വിശേഷണങ്ങൾ മനസിലാക്കുകയാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ വിശേഷണങ്ങൾ അവന്റെ ബുദ്ധിക്കും ചിന്തക്കും അതീതമാണ്. അഥവാ അവ ഗൈബിയായ (അദൃശ്യ)കാര്യമാണ്. അതിനാൽ അല്ലാഹു തന്നെക്കുറിച്ച് എന്ത് പറഞ്ഞുവോ അവന്റെ പ്രവാചകൻ എന്ത് പറഞ്ഞുതന്നുവോ അവ വിശ്വസിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. ഇമാം അഹ്മദുബ്നു ഹമ്പൽ പറഞ്ഞു:

لا يوصف الله إلا بما وصف به نفسه أو وصفه به رسوله لا يتجاوز القرآن والحديث (مجموع فتاوى شيخ الإسلام 5/26)

"അല്ലാഹു അവനെക്കുറിച്ച് വിശേഷിപ്പിച്ചതുകൊണ്ടല്ലാതെ അവൻ വിശേഷിപ്പിക്കപ്പെട്ടുകൂടാ. അല്ലെങ്കിൽ അവനെക്കുറിച്ച് അവന്റെ റസൂൽ വിശേഷിപ്പിച്ചതുകൊണ്ടല്ലാതെയും. (ആ കാര്യത്തിൽ) ക്വുർആനിനെയും ഹദീഥിനെയും മറികടന്നുകൂടാ".

അതിനാൽ അല്ലാഹുവിനെക്കുറിച്ച് അവൻ നമുക്ക് അറിയിച്ചുതന്നതല്ലാതെ ഒന്നും പറയാവതല്ല. അല്ലാഹു പറഞ്ഞു:

قُلْ إِنَّمَا حَرَّمَ رَبِّيَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْىَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ

"പറയുക, എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത്, പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മങ്ങളും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിന്റെ പേരിൽ നീങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്" (7/33)

وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا

"നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച്ച, ഹൃദയം ഇവയെല്ലാംതന്നെ അവയെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്." (17/36)

അതിനാൽ അല്ലാഹു പറഞ്ഞുതന്നതിനപ്പുറം അവനെക്കുറിച്ച് നമുക്കൊന്നും അറിഞ്ഞുകൂടാ. നമ്മുടെ ബുദ്ധിക്ക് ഈ വിഷയത്തിൽ ഒരു പങ്കുമില്ല. അല്ലാഹുവിൻെറ സ്വിഫാതുകളെ നിഷേധിച്ച മുഅ്തസിലികൾക്കും അവയെ വിശദീകരിച്ച അശ്അരി, മാതുരീദി വിഭാഗങ്ങൾക്കും ഈ വിഷയത്തിൽ വലിയ അബദ്ധങ്ങൾ പിണഞ്ഞിട്ടുണ്ട്. അവർ ബുദ്ധിക്കാണ് സ്ഥാനം കൊടുത്തത്. "നസ്സ്വ്"നല്ലയെന്നതാണതിന് കാരണം.

അല്ലാഹുവും അവൻെറ ദൂതനും അല്ലാഹുവിനെക്കുറിച്ച് എന്തു പറഞ്ഞുതന്നുവോ അത് അങ്ങിനെത്തന്നെ വിശ്വസിക്കുകയാണ് വേണ്ടത്. അതിൻെറ ബാഹ്യർത്ഥംവിട്ട് അതിൻെറ പൊരുൾ തേടി പോവാനോ അതിനെ വ്യഖ്യാനിച്ച് ഒപ്പിക്കാനോ പാടുള്ളതല്ല. അതായത് -

نؤمن من غير تحريف ولا تعطيل ومن غير تكييف ولا تمثيل (العقيدة الواسطية)

"യാതൊരുവിധ മാറ്റവും വരുത്താതെയും നിഷേധിക്കാതെയും രൂപപ്പെടുത്താതെയും ചിത്രീകരിക്കാതെയും നാം വിശ്വസിക്കുന്നുവെന്നതാണ് നമ്മുടെ നിലപാട്."

തഹ്രീഫ് നടത്തൽ അതിൻെറ പദത്തിലോ അർത്ഥത്തിലോ ആണ്. തഹ്രീഫ് നടത്തുന്നവർക്ക് തഅ്വീൽ (വ്യാഖ്യാനം) നടത്തുന്നവർ എന്നും പറയാം. അശ്അരികളും, മാതുരീദികളുമാണവർ. ഉദാഹരണമായി, അല്ലാഹു പറഞ്ഞു:

بَلْ يَدَاهُ مَبْسُوطَتَانِ

"എന്നാൽ അവൻെറ ഇരുകരങ്ങളും വിടർത്തപ്പെട്ടതാണ്" (5/64)

ഇവിടെ അല്ലാഹുവിൻെറ യഥാർത്ഥകരങ്ങളല്ല ഉദ്ദേശ്യം, അവൻെറ അടിമകൾക്ക് അവൻ നൽകുന്ന അളവറ്റ അനുഗ്രഹങ്ങളാണെന്ന് വ്യാഖ്യാനിക്കുന്നതാണ് തഹ്രീഫ് അഥവാ തഅ്വീൽ. അവൻെറ കരം എങ്ങിനെയെന്ന് വിവരിക്കാതെയും സൃഷ്ടികളുടെ കരങ്ങളോട് സാദൃശ്യപ്പെടുത്താതെയും അവന് കരങ്ങളില്ലെന്ന് നിഷേധിക്കാതെയും വിശ്വസിക്കലാണ് യഥാർത്ഥ വിശ്വാസം. അപ്രകാരംതന്നെ الرحمن على العرش استوى എന്ന് പറഞ്ഞാൽ അല്ലാഹു സിംഹാസനത്തിൽ ആരോഹിതനായി എന്നാണ് ശരിയായ അർത്ഥം. ആ ആരോഹണത്തിൻെറ രൂപം നമുക്കറിയില്ല. എന്നാൽ استوى എന്നതിന് استعلى (അധികാരച്ചുമതലയേറ്റു)യെന്ന് വ്യാഖ്യാനിക്കുന്നത് തഹ്രീഫാണ്.

തഅ്ത്വീൽ (التعطيل) എന്നാൽ ഒഴിവാക്കുക, ഉപേക്ഷിക്കുക എന്നൊക്കെയാണർത്ഥം. ഇവിടെ അതുകൊണ്ടുദ്ദേശിക്കുന്നത്, അല്ലാഹു അവനുണ്ടെന്ന് പറഞ്ഞ ഒരു സ്വിഫത് ഇല്ലായെന്ന് വാദിക്കലാണ്. ഒരു യഥാർത്ഥ വിശ്വാസിക്ക് അങ്ങിനെ പാടില്ല. അഹ്ലുസ്സുന്നത്തിവൽജമാഅത്തിൻെറ (സലഫികൾ) വക്താക്കൾ അല്ലാഹുവിൻെറ ഒരു സ്വിഫത്തും നിഷേധിക്കുന്നവരല്ല, പ്രത്യുത അല്ലാഹു അവനുണ്ടെന്നു പറഞ്ഞതെല്ലാം

അംഗീകരിക്കുന്നു. ഉദാഹരണമായി നാം ഉദ്ധരിച്ച بل يداه مبسوطتان എന്ന വചനം തന്നെ. ഇതുകൊണ്ട് ഉദ്ദേശ്യം അല്ലാഹുവിൻെറ قوة (ശക്തി)യാണെന്ന് പറഞ്ഞവരുണ്ട്. ഈ പറച്ചിലിലൂടെ അവർ തഹ്‌രീഫും തഅ്ത്വീലും നടത്തി. അതായത് ഉദ്ദേശിക്കപ്പെട്ട അർത്ഥത്തെ തഅ്ത്വീൽ ചെയ്തു (ഉപേക്ഷിച്ചു). അല്ലാഹുവിന് കൈ ഉണ്ട് എന്ന് പറഞ്ഞ തെളിവിനെ വ്യാഖ്യാനിക്കുകയും ചെയ്തു. അവൻെറ രണ്ട് കരങ്ങളും വിടർത്തപ്പെട്ടതാണെന്ന് പറഞ്ഞതിൽനിന്ന് അല്ലാഹുവിൻെറ യഥാർത്ഥമായ രണ്ട് കരങ്ങൾ ഉണ്ടെന്നുതന്നെ നാം വിശ്വസിക്കണം. പക്ഷെ അവയുടെ രൂപം നമുക്കറിയില്ലെന്ന് മാത്രം. അതിനാൽ സലഫികളുടെ അക്വീദയാണ് തഹ്‌രീഫിൽ നിന്നും തഅ്ത്വീലിൽനിന്നും മുക്തമായ ശരിയായിട്ടുള്ള അക്വീദ.

സലഫികളുടെ (അഹ്‌ലുസ്സുന്നത്തിവൽജമാഅത്ത്) എതിരാളികൾ ഈ വിഷയത്തിൽ സലഫികളെ വളരെയേറെ അതിക്ഷേപിച്ചിട്ടുണ്ട്. അവർ ഒന്നും ചിന്തിച്ച് മനസിലാക്കാതെ എല്ലാം അല്ലാഹുവിലേക്ക് സമർപ്പിച്ചവരാണ്. (التفويض) എന്നാണ് ഒരാക്ഷേപം. യഥാർത്ഥത്തിൽ സത്യമതല്ല. അല്ലാഹു അവനുണ്ട് എന്ന് പറഞ്ഞ ഒരു സ്വിഫത്തിനെയും അവർ അംഗീകരിക്കാതിരുന്നിട്ടില്ല. ആവയുടെ പൂർണ്ണ അർത്ഥവും മനസിലാക്കിയിട്ടുണ്ട്. എന്നാൽ അവ എങ്ങിനെ (كيفية) എന്നതു മാത്രമാണ് അല്ലാഹുവിലേക്ക് സമർപ്പിച്ചിട്ടുള്ളത്.

സലഫുകൾ ക്വുർആനിനെ നിഷേധിച്ചവരാണെന്ന ആക്ഷേപവുമുണ്ട്. അല്ലാഹു പറഞ്ഞു:

وَنَزَّلْنَا عَلَيْكَ ٱلْكِتَٰبَ تِبْيَٰنًا لِّكُلِّ شَىْءٍ

“നാം നിനക്ക് വേദഗ്രന്ഥമിറക്കിയത് എല്ലാറ്റിൻെറയും വിവരണമായിട്ടാണ്.” (16/89)

അപ്പോൾ ഒരു വിഷയത്തിൻെറ അർത്ഥമോ വിവരണമോ അറിയില്ലെങ്കിൽ പിന്നെ എന്ത് വിവരണമാണ് ക്വുർആനിലുള്ളത്. അതിനാൽ ക്വുർആനിൽ എല്ലാ വിവരണവുമുണ്ട്. സലഫികൾ അത് നിഷേധിക്കുന്നു എന്നാണ് ആക്ഷേപം. ക്വുർആനിൽ അല്ലാഹുവിൻെറ എത്രയോ അസ്മാഉം വിശേഷണങ്ങളുമുണ്ട്. അതിൻെറ അർത്ഥം നമുക്കറിയില്ലെങ്കിൽ എന്ത് വിവരണമാണ് ക്വുർആനിലുള്ളത്. ഇതാണ് അവരുടെ ആക്ഷേപത്തിൻെറ ആകെത്തുക.

മാത്രമല്ല, അവർ ചോദിക്കുന്നു. അല്ലാഹുവിൻെറ ചില സ്വിഫത്തുകളെക്കുറിച്ച് നബി(സ്വ) സംസാരിക്കുന്നു. എന്നിട്ട് നബി(സ്വ) പറയുന്നു: അതെന്താണെന്ന് എനിക്കറിയില്ല. നബി (സ്വ) പറഞ്ഞു: ആകാശത്തിലുള്ളവനാണ് നമ്മുടെ റബ്ബ്. എന്നിട്ട് ആ റബ്ബിനെക്കുറിച്ച് ചോദിച്ചാൽ നബി(സ്വ) പറയുന്നു: എനിക്കറിയില്ല. അപ്രകാരം തന്നെ, ഒന്നാമത്തെ ആകാശത്തിലേക്ക് നമ്മുടെ റബ്ബ് ഇറങ്ങിവരുന്നു. എന്നിട്ട് നമ്മുടെ റബ്ബ് ഇറങ്ങുന്നുവെന്ന് പറഞ്ഞാൽ എന്താണ് അർത്ഥമെന്ന് ചോദിച്ചാൽ നബി(സ്വ) പറയുന്നു: എനിക്കറിയില്ല. ഇതെന്തൊരു നിലപാട്?

നമുക്കതിന് പറയുവാനുള്ള മറുപടി അല്ലാഹുവിൻെറ റസൂലിൻെറ പേരിൽ ഇതിനെക്കാൾ വലിയൊരാരോപണം വേറെയില്ല എന്നാണ്. ഇങ്ങിനെ പറയുന്നത് ക്വുർആനിനെ നിഷേധിക്കലും റസൂൽ(സ്വ)യെ അറിവില്ലാത്തവൻ എന്നാക്ഷേപിക്കലുമാണ്.

വാസ്തവത്തിൽ അല്ലാഹുവിൻെറ വചനങ്ങൾ നമുക്കെത്തിച്ചുതന്നതും അത് നമുക്ക് വിവരിച്ചുതന്നതും അല്ലാഹുവിൻെറ റസൂലാണ്. നമ്മുടെ ബുദ്ധികൊണ്ട് മനസിലാക്കാൻ കഴിയുന്ന കാര്യങ്ങൾ മുഴുവൻ പ്രവാചകൻ നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. നമ്മുടെ ബുദ്ധിയുടെ പരിമിതി നാം അറിയണം. സ്വർഗത്തെക്കുറിച്ച് വിവരിക്കവേ നബി(സ്വ) (ക്വുദ്സിയായ ഒരു ഹദീഥിൽ) ഇപ്രകാരം പറഞ്ഞു:

أعددت لعبادي الصالحين ما لا عين رأت، ولا أذن سمعت، ولا خطر على قلب بشر(بخاري 3244 مسلم 2824)

“സദ്‌വൃത്തരായ എൻെറ അടിമകൾക്ക് ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യൻെറ മനസിലും നിരൂപിച്ചിട്ടില്ലാത്തതുമായവ ഞാൻ ഒരുക്കിവെച്ചിട്ടുണ്ട്.”

അല്ലാഹു പറഞ്ഞു:

فَلَا تَعْلَمُ نَفْسٌ مَّآ أُخْفِىَ لَهُم مِّن قُرَّةِ أَعْيُنٍ جَزَآءًۢ بِمَا كَانُوا۟ يَعْمَلُونَ

“എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കു വേണ്ടി രഹസ്യമാക്കി വെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല” (32/17)

അതെ, പരലോകത്ത് സൽകർമ്മകാരികൾക്ക് അനുഭവിക്കാനുള്ള സുഖസൗകര്യങ്ങൾ സൃഷ്ടികളായ മനുഷ്യർക്ക് നിരൂപിക്കാനോ മനസിലാക്കുവാനോ കഴിയാത്തത്ര വലുതും വിശാലവുമാണ്. ഇതാണ് സ്ഥിതിയെന്നിരിക്കെ ഈ മഹാപ്രപഞ്ചത്തിൻെറ സ്രഷ്ടാവിൻെറ വിശേഷണങ്ങളുടെ യഥാസ്ഥിതി പേരുകൊണ്ടറിയാനല്ലാതെ വിശദമായും പൂർണ്ണമായും അറിയാൻ മനുഷ്യന് ആവുകയില്ല. അതിനാൽ അവൻെറ ബുദ്ധിയിൽ ഉൾക്കൊള്ളാവുന്നതും അറിയേണ്ടതുമായ കാര്യങ്ങൾ എത്തിച്ചുകൊടുക്കുകയെന്നതാണ് പ്രവാചകൻമാരുടെ ദൗത്യം. അത് പൂർണമായും ഒരു വീഴ്ചയും കൂടാതെ പ്രവാചകൻ നിർവഹിച്ചിട്ടുമുണ്ട്. അതിനാൽ പൂർവികരുടെ (സലഫുകൾ) നിലപാടുതന്നെയാണ് ശരി. പിൽകാലക്കാരുടെ നൂതന പ്രസ്ഥാനങ്ങൾ അബദ്ധവുമാണ്.

ബുദ്ധിയുടെ പരിമിതിയെക്കുറിച്ച് മുതകല്ലിമുകളുടെ നേതാവായ ഫഖ്റുദ്ദീൻ റാസി പറയുന്നത് നോക്കുക:

نهاية إقدام العقول عقال وأكثر سعي العالمين ضلال

“ബുദ്ധിയുടെ മുന്നേറ്റത്തിൻെറ അന്ത്യം ബന്ധനമാണ്. ലോകരുടെ അധിക പ്രവർത്തനം മാർഗഭ്രംശവുമാണ്.”

وأرواحنا في وحشة من جسومنا وغاية دنيانا أذى ووبال

“നമ്മുടെ ആത്മാക്കൾ നമ്മുടെ ശരീരത്തിലെ ഏകാന്തതയിലാണ്. നമ്മുടെ ഐഹികതയുടെ അന്തിമലക്ഷ്യം ബുദ്ധിമുട്ടും ക്ലേശവുമാണ്.”

و لم نستفد من بحثنا طول عمرنا سوى أن جمعنا فيه قيل وقالوا

“മറ്റുള്ളവർ പറഞ്ഞതൊക്കെ ശേഖരിച്ചുവെച്ചുവന്നല്ലാതെ ദീർഘമായ നമ്മുടെ ആയുഷ്ക്കാലത്തെ അന്വേഷണത്തിൽ നിന്ന് നമുക്കൊരു പ്രയോജനവും ലഭിച്ചിട്ടില്ല.”

(الصواعق المرسلة لابن قيم 1/167)

അതിനാൽ ബുദ്ധിയുടെ പേരുപറഞ്ഞ് അല്ലാഹുവിൻെറ സ്വിഫാത്തുകളെ വ്യാഖ്യാനിച്ചുകൂടാ. അതിനെ വ്യാഖ്യാനിച്ച ഫഖ്റുദ്ദീൻ റാസിയാണ് തൻെറ അന്ത്യഘട്ടത്തിൽ തൻെറ പഠനങ്ങളെല്ലാം വൃഥാവിലായി എന്ന് കുണ്ഠിതപ്പെട്ടത്.

“തക്‌യീഫ്”(تكيف) എന്നാൽ അല്ലാഹുവിൻെറ ഒരു പ്രവൃത്തി എങ്ങിനെയെന്ന് ചോദിച്ച് അതിനുത്തരം കണ്ടെത്തലാണ്. ഇത് പാടില്ല. ഒരാൾ വന്നുവെന്നു പറയുമ്പോൾ എങ്ങിനെ വന്നു എന്ന ചോദ്യത്തിന് മറുപടിയായി നടന്നുകൊണ്ട്, വാഹനത്തിലായി, ദുഃഖിച്ചുകൊണ്ട്, സന്തോഷിച്ചുകൊണ്ട് എന്നിങ്ങനെ വരവിൻെറ വിധം വിവരിക്കുന്നു. അല്ലാഹുവിൻെറ സ്വിഫാത്തുകൾക്കോ പ്രവർത്തനങ്ങൾക്കോ അങ്ങിനെ വിധം പറയാവതല്ല.

ഉദാ: الرحمن على العرش استوى എന്ന് പറഞ്ഞാൽ എങ്ങിനെ എന്ന് ചോദിക്കരുത്. ഇമാം മാലികിൻെറ വിജ്ഞാനസദസിൽ അല്ലാഹുവിൻെറ ഇസ്തിവാഇനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ മറുപടി ഇപ്രകാരമായിരുന്നു:

الاستواء غير مجهول وكيف غير معقول والايمان به واجب والسؤال عنه بدعة (البيهقي في الأسماء والصفات ، 867 الحافظ في الفتح الباري 13/407 ، ابن عبد البر في التمهيد 7/151)

“ഇസ്തിവാഅ് (ആരോഹണം) എന്നതിൻെറ ഭാഷാർത്ഥം നമുക്കജ്ഞാതമല്ല. എന്നാൽ അതിൻെറ രൂപം ബുദ്ധിക്കതീതമാണ്. അതിനെക്കുറിച്ച് ചോദിക്കൽ ബിദ്അത്താണ്.”

ഈ ചോദ്യം ഉന്നയിച്ചവനെ مبتدع എന്ന് ഇമാം മാലിക് വിശേഷിപ്പിക്കുകയും അവനോട് സദസിൽനിന്ന് പുറത്തുപോകാൻ ആവശ്യപ്പെടുകയുമുണ്ടായി.

മഹാൻമാരായ സ്വഹാബിമാർ ആരുംതന്നെ ക്വുർആനിലും ഹദീഥിലും പരാമർശിക്കപ്പെട്ട അല്ലാഹുവിൻെറ സ്വിഫത്തുകളെക്കുറിച്ച് കൂടുതൽ ചോദിച്ചറിഞ്ഞിരുന്നില്ല. എന്നാൽ അവരുടെ വിശ്വാസത്തിൻെറ പൂർണ്ണതക്കാവശ്യമാംവിധം അവയെ അവർ മനസിലാക്കുകയും ചെയ്തിരുന്നു. أمروها كما جاءت ആ വിശേഷണം എങ്ങിനെ വന്നുവെന്നോ അതുപ്രകാരം അവയെ അംഗീകരിക്കുക എന്ന് അവരിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുമുണ്ട്.

തംഥീൽ (التمثيل) എന്നാൽ സാദൃശ്യപ്പെടുത്തുകയെന്നർത്ഥം. അല്ലാഹുവിനെ അവൻെറ സൃഷ്ടികളിൽ ആരോടും ഉപമിക്കാൻ പാടില്ല. അത് അവൻെറ ദാത്തിലും അഫ്ആലിലും (പ്രവൃത്തികൾ) സ്വിഫാത്തിലും (വിശേഷണങ്ങൾ) പാടില്ല. ഒന്നിനെ മറ്റൊന്നിനോടുപമിക്കുകയെന്നാൽ ഒരു പൊതുഗുണത്തിൽ അന്യോന്യം ദൃശ്യമാവുക എന്നാണല്ലോ അർത്ഥം. അവൻെറ വീടുപോലെയാണ് എൻെറ വീട് എന്നു പറയുമ്പോൾ വീടുകൾ തമ്മിലുള്ള ആകൃതി, വലിപ്പം, ഭംഗി, പ്രയോജനം എന്നീ കാര്യങ്ങളിൽ സാദൃശ്യമുണ്ടാകും. അല്ലാഹുവിനെ മറ്റൊന്നിനോട് സാദൃശ്യപ്പെടുത്തുമ്പോഴും ആ ഉപമേയം ഉണ്ടാകും. എന്നാൽ അല്ലാഹു അങ്ങിനെ ഉപമിക്കാൻ കഴിയാത്ത വിധം അവൻെറ സൃഷ്ടികളിൽനിന്ന് എല്ലാവിധത്തിലും വ്യത്യസ്തനാണ്. അല്ലാഹു പറഞ്ഞു:

لَيْسَ كَمِثْلِهِۦ شَىْءٌ

“അവന് തുല്യമായ യാതൊന്നുമില്ല” (42/11)

هَلْ تَعْلَمُ لَهُۥ سَمِيًّا

“അവന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?” (19/65)

وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ

“അവന് തുല്യനായി ആരും ഇല്ലതാനും” (112/4)

അപ്പോൾ അല്ലാഹുവിൻെറ ഒരു സ്വിഫത്തിനും സൃഷ്ടികളുടെ സ്വിഫത്തിനോട് സാദൃശ്യമില്ല. ഉദാ: അല്ലാഹുവിന് ഹയാത്തുണ്ട് (ജീവൻ). സൃഷ്ടികൾക്കും ഹയാത്തുണ്ട്. അല്ലാഹുവിന് ഇൽമ് (അറിവ്) ഉണ്ട്. സൃഷ്ടികൾക്കും അറിവുണ്ട്. എന്നാൽ ഇവ തമ്മിൽ ഒരു നിലക്കും സാദൃശ്യമില്ല. അപ്രകാരം സൃഷ്ടികളുടെ സ്വഭാവത്തെ അല്ലാഹുവിൻെറ സ്വഭാവത്തോടോ മറിച്ചോ സാദൃശ്യപ്പെടുത്തുന്നത് കുഫ്റ് (അവിശ്വാസം) ആണ്.

ومن شبه الله بخلقه فقد كفر (شرح أصول إعتقاد أهل السنة والجماعة 932 ،اللالكائي)

“അല്ലാഹുവിനെ സൃഷ്ടികളോട് ഉപമിച്ചവൻ നിഷേധിയായി”.

അല്ലാഹു പറഞ്ഞു:

فَلَا تَجْعَلُوا لِلَّهِ أَندَادًا

"അതിനാൽ നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്." (2/22)

فَلَا تَضْرِبُوا لِلَّهِ الْأَمْثَالَ

"ആകയാൽ നിങ്ങൾ അല്ലാഹുവിന് ഉപമകൾ പറയരുത്" (16/74)

**സ്വിഫത്തുകളുടെ ഇനങ്ങൾ**

അല്ലാഹു അവനെക്കുറിച്ച് നമുക്ക് അറിയിച്ചുതന്നിട്ടുള്ള അവന്റെ സ്വിഫത്തുകളെ അവയുടെ സ്വഭാവമനുസരിച്ച് പലതായി തരംതിരിച്ചിട്ടുണ്ട്. ഈ വകതിരിക്കൽ പഠന സൗകര്യമുണ്ടാക്കുന്നുവെന്നല്ലാതെ മറ്റ് പ്രയോജനമൊന്നുമില്ല.

സ്വിഫത്തുകളെ രണ്ട് ഇനങ്ങളായി വേർതിരിക്കാം:

**1. സ്ഥിരീകരിക്കപ്പെട്ട സ്വിഫത്തുകൾ** - صفات ثبوتية

അതായത് അല്ലാഹു അവന്റെ ഗ്രന്ഥത്തിലോ അല്ലെങ്കിൽ അവന്റെ പ്രവാചകന്റെ നാവിലൂടെയോ തനിക്ക് ഉള്ളതായി സ്ഥിരീകരിച്ചവ. തദനുസാരം അതിൽ വ്യാഖ്യാനങ്ങളോ നിരാകരണമോ രൂപസകല്പമോ സാദൃശ്യപ്പെടുത്തലോ കൂടാതെ സ്ഥിരിക്കരിക്കുക.

ഇങ്ങനെ അല്ലാഹുവിന് സ്ഥിരപ്പെട്ട എല്ലാ ഗുണങ്ങളും സ്തുതിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന പരിപൂർണമായ ഗുണങ്ങളാകുന്നു. യാതൊരുവിധത്തിലുള്ള ന്യൂനതകളും അവയ്ക്കില്ല. എന്നിരിക്കെ അല്ലാഹുവിനു സ്ഥിരപ്പെട്ട എല്ലാ ഗുണങ്ങളും എല്ലാ വിധത്തിലും പരിപൂർണമായത് തന്നെയാണ്.

ഇവ രണ്ട് വിധമാകുന്നു:

**(എ) സത്താപരമായ സ്വിഫത്തുകൾ** - الصفات الذاتية

അല്ലാഹുവിന്റെ സത്തയിൽ (الذات) നിന്ന് വിട്ടുമാറാത്ത അവനോടൊപ്പമുള്ള സ്വിഫത്താണിത്. حياة (ജീവൻ), علم (അറിവ്), قدرة (ശക്തി), حكمة (തത്വജ്ഞാനം), يدين (ഇരുകരങ്ങൾ) وجه (മുഖം) عينين (2 കണ്ണ്) قدم (കാൽപാദം) എന്നിവപോലുള്ളതാണ് അവ. ഈ സ്വിഫത്തുകൾ ഒരിക്കലും അല്ലാഹുവിൽനിന്ന് വിട്ടുപോവുകയില്ല.

ഈ സ്വിഫത്തുകൾ ഒന്നുംതന്നെ ആദ്യം അവ ഇല്ലാതായശേഷം ഉണ്ടായതല്ല. അവൻ ആലിമായിത്തന്നെയായിരുന്നു. ഇനിയും അങ്ങിനെത്തന്നെയാകും. അവൻ ജീവനുള്ളവനായിരുന്നു. ഇനിയും ജീവൻ ഉള്ളവൻ ആയിക്കൊണ്ടേയിരിക്കും. അവൻെറ ഒരു സ്വിഫത്തും ആദ്യം ഇല്ലാതാവുകയും പിന്നീട് അതുണ്ടാവുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാവുകയില്ല.

അവൻെറ حياة , سمع , بصر എന്നീ സ്വിഫത്തുകൾ ഒന്നുംതന്നെ പുതുതായി ഉണ്ടാവുന്നതല്ല. അവൻെറ ദാത്തിൽ അസിലിയ്യായി അടങ്ങിയ സ്വിഫത്താണ്. അത് എന്നും ഉണ്ടാവുകയും ചെയ്യും. കേൾക്കപ്പെടുന്ന കാര്യങ്ങൾ പുതുതായി ഉണ്ടാവുമെന്നതിനാൽ سمع (കേൾവി) പുതുതായി ഉണ്ടാവണമെന്നില്ല. ഇങ്ങിനെ അവൻെറ ദാത്തുമായി ചേർന്നുകൊണ്ടിരിക്കുന്ന സ്വിഫത്തുകൾക്ക് സ്വിഫാത്തു ദാത്തിയ്യ എന്ന് പറയുന്നു.

**(ബി) ക്രിയാപരമായ സ്വിഫത്തുകൾ -** (الصفات الفعلية (اختيارية

അല്ലാഹുവിൻെറ مشيئة (ഉദ്ദേശം)മായി ബന്ധപ്പെട്ടുണ്ടാകുന്ന സ്വിഫത്തുകളാണ് ഇത്. അവൻ എപ്പോൾ ഉദ്ദേശിക്കുന്നുവോ അപ്പോഴതുണ്ടാകുന്നു.

അല്ലാഹുവിൻെറ ഈ വചനം ശ്രദ്ധിക്കുക:

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ

“താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവൻെറ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു.” (36/82)

ആരോഹണം, (الاستواء), ഇറക്കം (النزول), നീതി (العدل), സൃഷ്ടിപ്പ് (الخلق), തൃപ്തി (الرضا), കോപം (الغضب) എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

അല്ലാഹുവിൻെറ ഈ വചനം ശ്രദ്ധിക്കുക:

إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ۗ

“നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തൻെറ ദാസൻമാർ നന്ദികേട് കാണിക്കുന്ന പക്ഷം അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്നപക്ഷം നിങ്ങളോട് അതുവഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്.” (39/7)

അല്ലാഹുവിന് الرضا (തൃപ്തി) എന്ന സ്വിഫത്തുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

അല്ലാഹു പറഞ്ഞു:

هُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ

"ആകാശങ്ങളും ഭൂമിയും ആറുദിവസങ്ങളിലായി സൃഷ്ടിച്ചവനാണ് അവൻ. പിന്നീട് അവൻ സിംഹാസനത്തിൽ ആരോഹിതനായി." (57/4)

മുകളിൽ ഉദ്ധരിച്ച ആയത്ത് അല്ലാഹുവിൻെറ ആരോഹണത്തെ ( الاستواء) കുറിച്ചും സൃഷ്ടിപ്പിനെ (الخلق) കുറിച്ചും സൂചിപ്പിക്കുന്നു.

ഇനി ദാത്തിയായ സ്വിഫത്തെന്നും ഫിഅ്ലിയ്യായ സ്വിഫത്തെന്നും പരിഗണിക്കപ്പെടുന്ന സ്വിഫത്തുമുണ്ട് അവന്. അല്ലാഹുവിൻെറ كلام (സംസാരം) എന്നത് അവൻെറ ദാത്തിൽ ഉള്ള ഗുണമാണ്. എന്നാൽ അവൻ ഉദ്ദേശിക്കുമ്പോൾ സംസാരിക്കുന്നത് പരിഗണിച്ച് ഇത് ഫിഅ്ലിയ്യായ സ്വിഫത്താണ്. ആവശ്യം വരുമ്പോൾ മാത്രം സംസാരിക്കുന്നു.

അല്ലാഹു പറഞ്ഞു:

وَلَمَّا جَآءَ مُوسَىٰ لِمِيقَٰتِنَا وَكَلَّمَهُۥ رَبُّهُۥ

"നമ്മുടെ നിശ്ചിത സമയത്തിന് മൂസാ വരികയും, അദ്ദേഹത്തിൻെറ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ" (7/143)

**2. നിഷേധിക്കപ്പെട്ട സ്വിഫത്തുകൾ** - صفات سلبية (منفية)

അതായത് അല്ലാഹു അവൻെറ ഗ്രന്ഥത്തിലോ അല്ലെങ്കിൽ അവൻെറ പ്രവാചകൻെറ നാവിലൂടെയോ തൻെറമേൽ നിഷിദ്ധമായ നിഷേധഗുണങ്ങളെ നിഷേധിക്കുക. അതോടൊപ്പം നിഷേധഗുണങ്ങൾക്ക് എതിരായ ഗുണങ്ങളാണ് അല്ലാഹുവിനുള്ളത് എന്ന് വിശ്വസുക്കുകയും ചെയ്യുക.

അല്ലാഹുവിൻെറ ഈ വചനം ശ്രദ്ധിക്കുക:

وَتَوَكَّلْ عَلَى ٱلْحَىِّ ٱلَّذِى لَا يَمُوتُ

"ഒരിക്കലും മരിക്കാതെ ജീവിച്ചിരിക്കുന്നവനെ നീ ഭരമേല്പിക്കുക" (25/58)

ഇവിടെ മരണം അല്ലാഹു അവനു നിഷിദ്ധമാക്കി. അത് അവൻെറ സ്വിഫത്തായ الحي (എന്നെന്നും ജീവിച്ചിരിക്കുന്നവൻ)നെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

മാറ്റൊരു ഉദാഹരണം ശ്രദ്ധിക്കുക, അല്ലാഹു പറഞ്ഞു:

وَلَا يَظْلِمُ رَبُّكَ أَحَدًا

''നിൻെറ രക്ഷിതാവ് യാതൊരാളോടും അക്രമം (അനീതി) കാണിക്കുകയില്ല (18/49)

ഇവിടെ അക്രമം നിഷിദ്ധമാക്കിയതിലൂടെ അല്ലാഹു അവന് നീതി എന്ന സ്വിഫത്ത് സ്ഥിരപ്പെടുത്തുന്നു.

**അവസാനമായി**

അല്ലാഹുവിൻെറ ഏത് വിധത്തിലുള്ള സ്വിഫത്തുകളും പൂർണമാണെന്നും ഒരു വിധ കുറവുകളുമില്ലാത്തവയാണെന്നും നാം വിശ്വസിക്കണം. അവൻ ആലിമാണെന്നും റഹീമാണെന്നും ലത്വീഫാണെന്നും നാം പറയുമ്പോൾ ആ ഗുണങ്ങളുടെ മുഴുവൻ അർത്ഥവും ഗുണവും അവനുണ്ട്. സൃഷ്ടികൾക്ക് ഈ ഗുണം പറയുമ്പോൾ ആ ഗുണത്തിൻെറ എത്രയോ ചെറിയ ഒരംശമേ അവർക്കുള്ളൂ. ചിലപ്പോൾ അൽപംപോലും അവർക്കുണ്ടാവണമെന്നില്ല. ദയ ഇല്ലാത്ത മനുഷ്യർക്ക് ദയാലുവെന്ന് പേരിടുന്നു. സുന്ദരനല്ലാത്തവർക്ക് സുന്ദരൻ എന്ന് പേരിടുന്നു. ഈ പേരും ആ വ്യക്തിയും തമ്മിൽ ഒരു ബന്ധവുമില്ല. അല്ലാഹുവാകട്ടെ, പൂർണ്ണനും അന്യൂനനുമാണ്.

**അവലംബം**


1. കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ച 'വിശ്വാസ കാര്യങ്ങൾ – അല്ലാഹു'
1. فتح رب البرية بتلخيص الحموية – للشيخ محمد بن صالح العثيمين – വിവർത്തനം ഹംസ ജമാലി
2. الصفات الإلهية تعريفها، أقسامها – للشيخ محمد بن خليفة بن علي التميمي
3. أعلام السنة المنشورة ، لاعتقاد الطائفة الناجية المنصورة – للشيخ حافظ بن أحمد آل حكمي – വിവർത്തനം സയ്യിദ് സഅ്ഫർ സ്വാദിഖ്
4. القواعد المثلى في صفات الله وإسمائه الحسنى – للشيخ محمد بن صالح العثيمين